## പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2881

10.12.2014-ലെ മറുപടിയ്ക്ക്

### പൂക്കോട് തടാകത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പൂക്കോട് തടാകത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) പൂക്കോട് തടാക വിനോദസഞ്ചാര കേന്ദ്രത്തിലെ നവീകരണ പ്രവർത്തികൾക്കായി 2,97,69,073/- (രണ്ട് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എഴുപത്തി മൂന്ന് രുപ മാത്രം) അനുവദിച്ചിരുന്നു. കിറ്റ്കോ മുഖാന്തിരം നടപ്പാക്കാൻ ഉത്തരവായ മേൽ പ്രവർത്തികൾക്കെതിരെ പരിസ്ഥിതി സംഘടനകൾ ഹൈക്കോടതിയിൽ 18530/11 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി പ്രസ്തുത കേസ് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിലേക്ക് കൈമാറുകയുമുണ്ടായി. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത തടാകത്തിൽ പായൽ നിറഞ്ഞിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇതുമൂലം തടാകത്തിലെ ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) ഭാഗികമായി ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പൂക്കോട് തടാകത്തിലെ പായൽ വേരടക്കം പറിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പായൽ നീക്കം ചെയ്യുന്നതിന് പത്രപരസ്യം നൽകി ക്വട്ടേഷനുകൾ ക്ഷണിച്ച് പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ